കേരളനിയമസഭ

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

കേരളസംസ്ഥാനസാക്ഷരതാമിഷൻഅതോറിറ്റി




# ഭരണഘടനാസാക്ഷരതാപുസ്തകം

## ഭരണഘടനാസാക്ഷരത - ജനകീയവിദ്യാഭ്യാസപരിപാടി

title
**Constitution Literacy Book**

Published on
6th December 2018

Director
Dr.P.S.Sreekala

Illustration
E.V.Anil

Cover & Layout
Renjith Puthenchira



Published by
KERALA STATE LITERACY MISSION AUTHORITY
Tc no:27/1461, Kammattom Lane, Convent Road
vanchiyoor, Thiruvananthapuram-35
phone: 0471-2472253,2472254
email: stateliteracymission@gmail.com

© Kerala State Literacy Mission Authority





പിണറായി വിജയൻ
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

# സന്ദേശം

നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനം മുന്നോട്ടുവെച്ച ജനാധിപത്യം, മതനിരപേക്ഷത, അവസര സമത്വം, സ്ത്രീ-പുരുഷ തുല്യത, അഭിപ്രായ സ്വാതന്ത്ര്യം തുടങ്ങിയ മഹത്തായ മൂല്യങ്ങളും ലോകത്ത് വളർന്നുവന്ന മനുഷ്യാവകാശങ്ങളും പൗരധർമ്മവും സ്വാംശീകരിച്ച് രൂപപ്പെടുത്തിയതാണ് ഇന്ത്യൻ ഭരണഘടന. നമ്മുടെ നിയമവാഴ്ചയുടെ അടിത്തറയായി നിലകൊള്ളുന്ന ഭരണഘടനയാണ് ജനതയുടെ അവകാശങ്ങളെല്ലാം സംരക്ഷിക്കുന്നത്. രാജ്യത്തെയും ജനതയെയും മുന്നോട്ടു നയിക്കാനുള്ള സചേതനമായ ഉപകരണമാണ് ഭരണഘടന. അതൊരിക്കലും പഴഞ്ചനാവുകയോ കാലഹരണപ്പെടുകയോ ചെയ്യുന്നില്ല. സമൂഹം വളരുന്നതിനനുസരിച്ച് ഭരണഘടനയിലും മാറ്റങ്ങൾ വരുന്നു. ഈ മാറ്റത്തിനുള്ള അടിത്തറ കൂടി ക്രാന്തദർശികളായ ഭരണഘടനാനിർമാതാക്കൾ ഒരുക്കിവെച്ചിട്ടുണ്ട്. അതുകൊണ്ടാണ് പുതിയ കാലത്തിന്റെ മൂല്യസംഹിതയാണ് ഭരണഘടനയെന്ന് പറയുന്നത്.

നാനാജാതി മതങ്ങളും വിവിധ ഭാഷകളും വിഭിന്ന സംസ്കാരവും ഉള്ള രാഷ്ട്രമാണ് ഇന്ത്യ. നാനാത്വത്തിൽ ഏകത്വമെന്ന മഹത്തായ ആശയമാണ് ഇന്ത്യയെന്ന രാഷ്ട്രത്തെ ഒന്നിച്ചുനിർത്തുന്നത്. ജാതിക്കും മതത്തിനും ഭാഷയ്ക്കും അതീതമായ ജനങ്ങളുടെ ഐക്യമാണ് നമ്മുടെ ശക്തി. ഈ കരുത്ത് നമുക്ക് പ്രദാനം ചെയ്യുന്നതും രാജ്യത്തെ ഐക്യത്തോടെ മുന്നോട്ടു നയിക്കുന്നതും നമ്മുടെ ഭരണഘടനയാണ്.

മതത്തിന്റെയോ ജാതിയുടെയോ ഭാഷയുടെയോ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നത് ഭരണഘടനയ്ക്ക് എതിരായ ആക്രമണം തന്നെയാണ്. ഇത്തരം പ്രവണതകൾ വർധിച്ചു വരുന്ന കാലത്ത് ഭരണഘടനാ മൂല്യങ്ങൾ ജനങ്ങളെ, പ്രത്യേകിച്ച് യുവതലമുറയെയും വിദ്യാർത്ഥികളെയും പഠിപ്പിക്കേണ്ടത് അനിവാര്യമാണ്.

കേരള സാക്ഷരതാ മിഷൻ തയ്യാറാക്കിയ ഭരണഘടനാ സാക്ഷരതാ പുസ്തകം ഭരണഘടനാ മൂല്യങ്ങളെക്കുറിച്ച് സമൂഹത്തിന് പ്രാഥമികമായ അറിവ് പകരുന്നതിന് പ്രയോജനപ്പെടും. വരുംതലമുറയെ ഭരണഘടനാ ബോധമുള്ള ഉത്തമപൗരന്മാരായി വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾക്ക് ഈ പുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജനങ്ങളിൽ ഭരണഘടനാ സാക്ഷരതയുണ്ടാക്കാൻ കേരള സാക്ഷരതാമിഷൻ നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

പിണറായി വിജയൻ
കേരളമുഖ്യമന്ത്രി

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in




പി. ശ്രീരാമകൃഷ്ണൻ
സ്പീക്കർ
കേരള നിയമസഭ

നീതി,
നിയമസഭാ കോംപ്ലക്സ്,
വികാസ് ഭവൻ പി. ഒ.,
തിരുവനന്തപുരം

ഫോൺ :
വസതി : 0471-2302698
0471-2513014
ഓഫീസ് : 91-471-2513007
2513003
2308890
ഫാക്സ് : 91-471-2512131
E-mail: speak@niyamasabha.org


തീയതി........30-11-2018


# ആശംസ

ഇന്ത്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലായ ഭരണഘടനയെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനും ഭരണഘടനയിൽ ഉൾച്ചേർന്നിട്ടുള്ള സഹജമായ മൂല്യങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തിൽ ധാരണ സൃഷ്ടിക്കുന്നതിനും കേരള നിയമസഭയുടെയും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി യുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയ്ക്കായി തയ്യാറാക്കിയിട്ടുള്ള പുസ്തകമാണ് 'ഭരണഘടനാ സാക്ഷരതാ പുസ്തം'. കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ സാക്ഷരതാ മിഷൻ അതോറിറ്റി തുടർന്നു വരുന്ന ബഹുമുഖങ്ങളായ തുടർ വിദ്യാഭ്യാസ പരിപാടികൾ ശ്ലാഘനീയമാണ്. നിയമസഭയുമായി ചേർന്ന് സാക്ഷരതാ മിഷൻ സംഘടിപ്പിക്കുന്ന ഈ ഉദ്യമം വിജയകരമാകട്ടെയെന്നും 'ഭരണഘടനാ സാക്ഷരതാ പുസ്തകം' അതിന് പ്രോത്സാഹനമാകട്ടെയെന്നും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

പി ശ്രീരാമകൃഷ്ണൻ
സ്പീക്കർ, കേരളനിയമസഭ






പ്രൊഫ. സി. രവീന്ദ്രനാഥ്
പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ


# ആശംസ

കേരള നിയമസഭയും സാക്ഷരതാമിഷനും സംയുക്തമായി സംഘടിപ്പിച്ചിട്ടുള്ള ഭരണഘടനാ സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി ശ്രദ്ധേയവും മാതൃകാപരവുമായ ഒരു ദൗത്യമാണ്. സ്തുത്യർഹമായ ഒരു വൈജ്ഞാനിക ഇടപെടലാണ് ഈ പരിപാടി എന്നു കാണുന്നതിൽ അതിയായ സന്തോഷമുണ്ട്.

മികച്ച ജനാധിപത്യ സംവിധാനങ്ങൾ നിലനിൽക്കുന്ന ഇന്ത്യയിൽ ഭരണഘടനയെപ്പറ്റിയുള്ള തെളിമയുള്ള അവബോധം കെട്ടുറപ്പുള്ള സാമൂഹ്യജീവിതത്തിനും സുരക്ഷിതമായ വ്യക്തിജീവിത ത്തിനും അനിവാര്യമാണ്. ഭരണഘടനാ സാക്ഷരത എന്ന ആശയത്തിന് ഈ പശ്ചാത്തലത്തിൽ ഏറെ പ്രസക്തിയുണ്ട്. മൂല്യബോധമുള്ള ഒരു തലമുറയുടെ വികാസത്തിന് ഭരണഘടനാ സാക്ഷരത കരുത്തുപകരും.

ഈ ദൗത്യത്തിന്റെ ഭാഗമായി രണ്ട് മാസക്കാലം നടക്കാൻ പോകുന്ന വിപുലമായ പരിപാടികൾക്കൊപ്പം ഭരണഘടനയെ കൂടുതൽ വ്യക്തമായി പരിചയപ്പെടുത്തുന്നതിന് ഭരണഘടനാ സാക്ഷരതാ പുസ്തകം കൂടി പ്രസിദ്ധീകരിക്കാനുള്ള തീരുമാനം ഉചിതമായിട്ടുണ്ട്. ഭരണഘടനാ സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ വിജയത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പ്രൊഫ.സി.രവീന്ദ്രനാഥ്
പൊതുവിദ്യാഭ്യാസവകുപ്പുമന്ത്രി

# മുഖവുര

നമ്മുടെ ഭരണഘടന സംബന്ധിച്ച് പ്രാഥമികവും അടിസ്ഥാനപരവുമായ അവബോധം സമൂഹത്തിൽ രൂപപ്പെടുത്താനായി കേരളനിയമസഭയും സാക്ഷരതാമിഷനും നടപ്പിലാക്കുന്നതാണ് 'ഭരണഘടനാസാക്ഷരത - ജനകീയ വിദ്യാഭ്യാസ പരിപാടി'.

ഇൻഡ്യൻ ഭരണഘടനാനിർമ്മാണസഭ ഭരണഘടന അംഗീകരിച്ച ദിവസമായ നവംബർ 26 മുതൽ റിപ്പബ്ലിക് ദിന മായ ജനുവരി 26 വരെ രണ്ടുമാസക്കാലം നീണ്ടുനിൽക്കുന്ന താണ് ഈ വിദ്യാഭ്യാസപരിപാടി. സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും ഭരണഘടനാസാക്ഷരതാക്ലാസുകൾ നടത്താനാണ് ലക്ഷ്യമിടുന്നത്. അരക്കോടിയോളം ജനങ്ങൾ വിവിധ ഘട്ടങ്ങളിൽ ഈ പ്രക്രിയയിൽ പങ്കാളികളാകും.

ഈ ജനകീയ വിദ്യാഭ്യാസപരിപാടിക്കായി സാക്ഷരതാമിഷൻ തയ്യാറാക്കിയിരിക്കുന്നതാണ് 'ഭരണഘടനാ സാക്ഷരതാ പുസ്തകം'. ഭരണഘടനയുടെ ആമുഖം, പ്രധാനമൗലികാ വകാശങ്ങൾ, അവയുമായി ബന്ധപ്പെട്ട ആർട്ടിക്കിളുകൾ, പൗരരുടെ മൗലിക കടമകൾ തുടങ്ങി അടിസ്ഥാനപരമായ കാര്യങ്ങൾ മാത്രം ലളിതമായി പ്രതിപാദിക്കുന്നതാണ് ഈ പുസ്തകം. ഇവയെക്കുറിച്ച് ഭരണഘടനയിൽ പറയുന്ന കാര്യങ്ങൾ സ്വതന്ത്രമായി പരിഭാഷപ്പെടുത്തി യാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

മനുഷ്യാവകാശകമ്മീഷൻ ചെയർമാൻ (റിട്ട) ജസ്റ്റിസ് ആന്റണി ഡൊമിനിക്, ലോകായുക്ത ഓംബുഡ്സ്മാൻ (റിട്ട) ജസ്റ്റിസ് കെ കെ ദിനേശൻ, പോലീസ് കംപ്ലൈന്റ്സ് അതോറിറ്റി ചെയർമാൻ (റിട്ട) ജസ്റ്റിസ് വി കെ മോഹനൻ എന്നിവരുടെ ആത്മാർത്ഥമായ സഹായം ഈ പുസ്തകം തയ്യാറാക്കുന്നതിന് ലഭ്യമായിട്ടുണ്ടെന്നത് നന്ദിയോടെ സ്മരിക്കുന്നു.

'ഭരണഘടനാസാക്ഷരത - ജനകീയവിദ്യാഭ്യാസപരിപാടി'ക്ക് എല്ലാ പിന്തുണയും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. പി എസ് ശ്രീകല
ഡയറക്ടർ, സാക്ഷരതാമിഷൻ



# നമ്മുടെ ഭരണഘടന



ഭരണഘടനാനിർമ്മാണസഭയാണ്
നമ്മുടെ ഭരണഘടന രൂപപ്പെടുത്തിയത്.
ഭരണഘടന എഴുതിത്തയ്യാറാക്കുന്ന കമ്മിറ്റിയുടെ
ചെയർമാനായിരുന്ന ഡോ.ബി ആർ അംബേദ്കർ
ഭരണഘടനാശില്പി എന്ന് അറിയപ്പെടുന്നു.

1949 നവംബർ 26 നാണ് ഭരണഘടനാനിർമ്മാണസഭ
ഭരണഘടന അംഗീകരിച്ചത്.

ഭരണഘടന നിലവിൽ വന്നത് 1950 ജനുവരി 26 നാണ്.
ഈ ദിവസമാണ് റിപ്പബ്ലിക്
ദിനമായി നാം ആചരിക്കുന്നത്.





# ഇന്ത്യൻ ഭരണഘടനയുടെ ആമുഖം






## ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു **പരമാധികാര-സ്ഥിതിസമത്വ-മതനിരപേക്ഷ-ജനാധിപത്യ റിപ്പബ്ലിക്കായി** രൂപപ്പെടുത്തുന്നതിനും ഇന്ത്യയിലെ എല്ലാ പൗരരുടെയും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ **നീതി**

ചിന്ത, ആവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള **സ്വാതന്ത്ര്യം**

പദവി, അവസരങ്ങൾ എന്നിവയിലുള്ള **സമത്വം**

എന്നിവ ഉറപ്പാക്കുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന **സാഹോദര്യം** എല്ലാരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽ വച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം ഈ ഭരണഘടനയെ ഇതിനാൽ അംഗീകരിക്കുകയും നിയമമാക്കുകയും നമ്മൾ, നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.



### പരമാധികാരം

നമ്മുടെ രാജ്യത്തിന്റെ സ്വതന്ത്രമായ അധികാരത്തെ സൂചിപ്പിക്കുന്നു. പുറമെ നിന്നുള്ള ഒരു ശക്തിയുടെയും നിയന്ത്രണത്തിലല്ല ഇന്ത്യ എന്നർത്ഥം.

### സോഷ്യലിസ്റ്റ്

സമ്പത്ത് കുറച്ചു പേരുടെ കൈകളിൽ മാത്രം കേന്ദ്രീകരിക്കുന്ന അവസ്ഥ, നീതിപൂർവ്വമായ സാമ്പത്തികവിതരണത്തിലൂടെ ഇല്ലാതാക്കണമെന്ന് പ്രഖ്യാപിക്കുന്നു.

### മതനിരപേക്ഷത


എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുകയും ബഹുമാനിക്കുകയും വേണം. രാഷ്ട്രത്തിന് സ്വന്തമായി ഒരു മതമില്ല. എല്ലാപൗരർക്കും അവരവർക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും പ്രചരിപ്പിക്കാനും അനുവാദമുണ്ട്.


### ജനാധിപത്യം

'ഒരു വ്യക്തിക്ക് ഒരു വോട്ട്' എന്ന നിലയിലുള്ള അവകാശത്തെ സൂചിപ്പിക്കുന്നു. അതേസമയം, ജനാധിപത്യം എന്നത് രാഷ്ട്രീയ ജനാധിപത്യം മാത്രമല്ല. സാമൂഹ്യവും സാമ്പത്തികവുമായ ജനാധിപത്യവും ഇന്ത്യൻ ഭരണഘടന പ്രധാനമായി കാണുന്നു.

### റിപ്പബ്ലിക്

രാഷ്ട്രത്തിന്റെ തലവനെ ഒരു നിശ്ചിതകാലത്തേക്ക് തെരഞ്ഞെടുക്കുന്നുവെന്നതാണ് റിപ്പബ്ലിക്കിന്റെ സവിശേഷത. ഏകാധിപത്യമോ സർവ്വാധിപത്യമോ അല്ല എന്നർത്ഥം. ഇന്ത്യയിൽ രാഷ്ട്രത്തലവനായി പ്രസിഡണ്ട് അഞ്ചു വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വ്യവസ്ഥയാണ് നിലവിലുള്ളത്.






## നീതി

സാമൂഹ്യനീതി, സാമ്പത്തിക നീതി, രാഷ്ട്രീയ നീതി എന്നിവ ഉൾപ്പെടുന്നു.

## സാമൂഹ്യനീതി

ജാതി, വംശം, നിറം, മതം, ലിംഗം, ജനിച്ചസ്ഥലം തുടങ്ങിയവയുടെ പേരിൽ ഇന്ത്യൻ പൗരർക്കിടയിൽ വിവേചനം പാടില്ലെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. ഇന്ത്യ എല്ലാത്തരം ചൂഷണങ്ങൾക്കുമെതിരെ നിലകൊള്ളുന്നു.

## സാമ്പത്തികനീതി

വരുമാനം, സ്വത്ത്, സാമ്പത്തിക പദവി എന്നിവയുടെ അടിസ്ഥാനത്തിൽ പൗരർക്കിടയിൽ വിവേചനം പാടില്ല. നമ്മുടെ രാജ്യം സാമ്പത്തികസമത്വത്തിനു വേണ്ടി നിലകൊള്ളുന്നു.

## രാഷ്ട്രീയനീതി

രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുക്കാൻ സ്വാതന്ത്ര്യവും തുല്യവുമായ അവസരം എല്ലാ പൗരർക്കുമുണ്ട്.






## സ്വാതന്ത്ര്യം

ഭരണഘടനാപരമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പാലിക്കപ്പെടേണ്ടതാണ് സ്വാതന്ത്ര്യം. ഇതനുസരിച്ച് ഇന്ത്യൻ പൗരരുടെ ചിന്തയ്ക്കും പ്രവർത്തനങ്ങൾക്കും അകാരണമായ വിലക്കുകൾ ഏർപ്പെടുത്താൻ പാടില്ല.

## സമത്വം

വിവേചനമില്ലാതെ പൗരർക്ക് അവസരങ്ങൾ ലഭ്യമാക്കണം. നിയമത്തിനുമുന്നിൽ എല്ലാരെയും തുല്യരായി പരിഗണിക്കണം. എല്ലാർക്കും നിയമത്തിന്റെ തുല്യമായ പരിരക്ഷ ഉണ്ടാവണം.

## സാഹോദര്യം

രാഷ്ട്രത്തിന്റെ ഭാഗമാണ് എല്ലാരുമെന്ന സാഹോദര്യഭാവം പൗരർക്കിടയിൽ പുലരണം. മതപരമോ വർഗ്ഗീയമോ ജാതീയമോ ആയ ആശയങ്ങൾക്ക് ഇന്ത്യയിൽ ഇടം നൽകാതെ രാഷ്ട്രത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കണം.




ഇന്ത്യൻ  പൗരരുടെ പ്രാഥമികവും അടിസ്ഥാനപരവുമായ മനുഷ്യാവകാശങ്ങളാണ് **മൗലികാവകാശങ്ങൾ.** ഇന്ത്യയിലെ ജനങ്ങൾക്ക് മൗലികാവകാശങ്ങൾ അനുഭവിക്കാൻ കഴിഞ്ഞാൽ മാത്രമേ ആമുഖത്തിൽ പറയുന്ന ഇന്ത്യയുടെ സവിശേഷതകൾ നിലനിർത്താൻ കഴിയൂ.



## മൗലികാവകാശങ്ങൾ




- **സമത്വത്തിനുള്ള അവകാശം**
- **സ്വാതന്ത്ര്യത്തിനുള്ള അവകാശം**
- **ചൂഷണം ചെയ്യപ്പെടാതിരിക്കാനുള്ള അവകാശം**
- **മതസ്വാതന്ത്ര്യത്തിനുള്ള അവകാശം**
- **സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം**
- **മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഭരണഘടന ഉറപ്പുനൽകുന്ന പരിഹാരത്തിനുള്ള അവകാശം.**



- മൗലികാവകാശങ്ങൾ പാർട്ട് മൂന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ മൗലികാവകാശങ്ങൾ എങ്ങനെയാണ് നമുക്ക് അനുഭവിക്കാൻ കഴിയുക ?





ഭരണഘടനാവ്യവസ്ഥകളിലൂടെയാണ് മൗലികാവകാശങ്ങൾ ഉറപ്പാക്കുന്നത്. ഭരണഘടനാവ്യവസ്ഥകൾ ആർട്ടിക്കിളുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ നമുക്ക് നേരിട്ട് സുപ്രീം കോടതിയെ സമീപിക്കാം.

എന്താണ് ആർട്ടിക്കിൾ ?





ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന ഉദ്ദേശ്യങ്ങളും സമീപനങ്ങളും യാഥാർഥ്യമാക്കുവാനുള്ള വ്യവസ്ഥകളാണ് ആർട്ടിക്കിൾ അഥവാ വകുപ്പ്.

മൗലികാവകാശങ്ങളുടെ
ആർട്ടിക്കിൾ
ഏതൊക്കെയാണ്?



## സമത്വത്തിനുള്ള അവകാശം

### ആർട്ടിക്കിൾ 14
നിയമത്തിനുമുന്നിൽ എല്ലാരും തുല്യരാണ്.

### ആർട്ടിക്കിൾ 15
മതത്തിന്റെയോ വംശത്തിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ ജനനസ്ഥലത്തിന്റെയോ പേരിൽ വിവേചനം പാടില്ല. ദുർബലവിഭാഗങ്ങൾക്കും പിന്നാക്കക്കാർക്കും പ്രത്യേകപരിഗണന നൽകുന്നതിനുള്ള നിയമനിർമ്മാണം അനുവദനീയമാണ്.

### ആർട്ടിക്കിൾ 16
സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിലിനും നിയമനത്തിനും അവസരസമത്വം ഉണ്ടാവണം. അതേസമയം, പിന്നാക്കവിഭാഗക്കാർക്ക് തൊഴിലിൽ സംവരണം നൽകാനുള്ള അധികാരം സർക്കാരിനുണ്ട്.

### ആർട്ടിക്കിൾ 16
തൊട്ടുകൂടായ്മ പാടില്ല.

പ്രധാനപ്പെട്ടവ
പറയാം





## സ്വാതന്ത്ര്യത്തിനുള്ള അവകാശം

### ആർട്ടിക്കിൾ 19
ഇതിൽ അഭിപ്രായപ്രകടനത്തിനും ആവിഷ്കരണത്തിനുമുള്ള സ്വാതന്ത്ര്യം, സമാധാനപരമായി സംഘടിക്കാനുള്ള സ്വാതന്ത്ര്യം, നമ്മുടെ രാജ്യത്തെവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം, നമ്മുടെ രാജ്യത്തെവിടെയും താമസിക്കാനുള്ള സ്വാതന്ത്ര്യം, ഏതു തൊഴിലും ചെയ്യാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവയാണ് പറയുന്നത്.

### ആർട്ടിക്കിൾ 21
ജീവിക്കാനുള്ള അവകാശവും വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശവും നിയമനടപടികളിലൂടെയല്ലാതെ നിഷേധിക്കരുത്.



## ചൂഷണം ചെയ്യപ്പെടാതിരിക്കാനുള്ള അവകാശം

### ആർട്ടിക്കിൾ 23

അടിമജോലി നിയമവിരുദ്ധമാണ്.
ആരെയും നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കാൻ പാടില്ല.

### ആർട്ടിക്കിൾ 24

പതിനാലുവയസിനു താഴെ പ്രായമുള്ള കുട്ടികളെ
ഫാക്ടറികളിലും ഖനികളിലും ജോലി ചെയ്യിക്കാൻ പാടില്ല.







## മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

### ആർട്ടിക്കിൾ 25

ആരാധനയ്ക്കും മതവിശ്വാസത്തിനും
മതപ്രചാരണത്തിനുമുള്ള
സ്വാതന്ത്ര്യമുണ്ടാവണം.

## സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം

### ആർട്ടിക്കിൾ 29

ന്യൂനപക്ഷങ്ങളുടെ ഭാഷ, ലിപി, സംസ്കാരം
എന്നിവ സംരക്ഷിക്കണം

## മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഭരണഘടന ഉറപ്പുനൽകുന്ന പരിഹാരം

### ആർട്ടിക്കിൾ 32

മൗലികാവകാശങ്ങൾ നേടിയെടുക്കാൻ
സുപ്രീംകോടതിയെ സമീപിക്കുന്നതിനുള്ള
മൗലികാവകാശം.

# ഭരണഘടന ഒറ്റനോട്ടത്തിൽ

ആമുഖം, മൗലികാവകാശങ്ങൾ, നിർദ്ദേശകതത്വങ്ങൾ, മൗലികകടമകൾ എന്നിവ കൂടാതെ, കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, ത്രിതല പഞ്ചായത്ത് സംവിധാനം, കേന്ദ്രഭരണപ്രദേശങ്ങൾ, ഭരണപരമായ ബന്ധങ്ങൾ തുടങ്ങി നമ്മുടെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നമ്മുടെ ഭരണഘടനയിലുണ്ട്.

മൗലിക കടമകളുമുണ്ടോ ?

ഉണ്ട്, അവ പാർട്ട് നാല് (എ) യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.





### മൗലിക കടമകളിൽ ചിലത് ഇവയാണ്


- ഇന്ത്യൻ പൗരർ ഭരണഘടനയിൽ ഉറച്ചുനിൽക്കണം.
- രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവും ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും വേണം.
- പൗരർക്കിടയിൽ പരസ്പരസൗഹാർദ്ദവും സാഹോദര്യവും പ്രോത്സാഹിപ്പിക്കണം.
- സ്ത്രീകളെ അപമാനിക്കുന്ന ഒന്നും ചെയ്യരുത്.
- ശാസ്ത്രീയസമീപനവും മാനവികതയും വളർത്തണം.
- ആറിനും പതിനാലിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് അവസരം നൽകണം.


തുടങ്ങിയ കടമകൾ ആർട്ടിക്കിൾ 51 (എ) യിൽ പറയുന്നു.

നിർദ്ദേശകതത്വങ്ങളെ ക്കുറിച്ചു പറയാമോ ?



നിയമനിർമ്മാണം, നീതിനിർവഹണം, ഭരണനിർവഹണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമായി പടുത്തുയർത്താനുള്ള വ്യവസ്ഥകളാണ് നിർദ്ദേശകതത്വങ്ങളിൽ പറയുന്നത്. ഭരണഘടനയുടെ പാർട്ട് നാലിൽ ആണ് നിർദ്ദേശകതത്വങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. നിർദ്ദേശകതത്വങ്ങളിൽ പറയുന്ന കാര്യങ്ങൾക്ക് കോടതിയല്ല, സർക്കാരാണ് നിയമനിർമ്മാണം നടത്തേണ്ടത്.









# ഭരണഘടനാസാക്ഷരത

## ജനകീയവിദ്യാഭ്യാസപരിപാടി

KERALA STATE LITERACY MISSION AUTHORITY
Tc no:27/1461, Kammattom Lane, Convent Road
vanchiyoor, Thiruvananthapuram-35
phone: 0471-2472253,2472254
email: stateliteracymission@gmail.com